തിരുമുല്പാട് ഫൗണ്ടേഷൻ ഡിസംബർ 2020 ലക്കം

# വൈദ്യസംവാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# കായിക്കര
# പി.എം. ഗോവിന്ദൻവൈദ്യൻ

**ഡോ. കെ. ദേവീകൃഷ്ണൻ,**
ചീഫ് മാനേജർ,
ക്വാളിറ്റി അഷ്വറൻസ് ഡിപ്പാർട്ട്മെൻറ്,
ആര്യവൈദ്യശാല, കോട്ടയ്ക്കൽ

മഹാകവി കുമാരനാശാനാണ് ആയുർവേദപണ്ഡിതനായ ശ്രീ. പി.എം. ഗോവിന്ദൻ വൈദ്യനെ അഭിനവവാഗ്ഭടൻ എന്ന് വിശേഷിപ്പിച്ചത്. വൈദ്യൻ, കവി, സംസ്കൃത അധ്യാപകൻ, ഗവേഷകൻ, ശ്രീനാരായണഗുരുവിന്റെ ശിഷ്യൻ, സാമൂഹ്യപരിഷ്കർത്താവ് എന്നിങ്ങനെ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് യശസ്സ് വർധിപ്പിക്കുന്ന നിരവധി ആദരസൂചകങ്ങൾ നമുക്കു മുമ്പിലുണ്ട്.

കായിക്കര ഇടയ്ക്കുടി എന്ന പ്രശസ്ത കുടുംബത്തിൽ 1879ൽ ജനനം. പിതാവ് ഇടയ്ക്കുടി മാതേവൻ മുതലാളി. അമ്മ പാർവതി.

നെടുങ്ങണ്ടയിൽ പെരുമാൾ ആശാന്റെ കുടിപ്പള്ളിക്കൂടത്തിലായിരിന്നു പ്രാഥമികവിദ്യാഭ്യാസം. പിന്നീടുള്ള പഠനം കായിക്കര സ്കൂളിലായിരുന്നു. ഇപ്പോഴത്തെ ആശാൻ സ്മാരകത്തിനടുത്തു സ്ഥിതി ചെയ്യുന്ന വിദ്യാലയം. സംസ്കൃതപണ്ഡിതനായ മണമ്പൂർ ഗോവിന്ദനാശാന്റെ വിജ്ഞാനദായിനി സംസ്കൃതവിദ്യാലയമാണ് ഗോവിന്ദൻ വൈദ്യന്റെ സംസ്കൃതപഠനകേന്ദ്രം. സംസ്കൃതം നന്നായി പഠിച്ച ശേഷം ഹരിപ്പാട് അനന്തപുരത്തു മൂത്തകോയിത്തമ്പുരാന്റെ കീഴിൽ ആയുർവേദം പഠിച്ചു. കേരളവർമ്മ വലിയ

കോയിത്തമ്പുരാന്റെ ജ്യേഷ്ഠസഹോദരനാണ് ശ്രീ ഗോവിന്ദന്റെ വൈദ്യഗുരു.

ഗോവിന്ദൻ വൈദ്യൻ അഞ്ചുതെങ്ങിലെ ഒരു വീട്ടിൽ വച്ച് കുട്ടികളെ ആയുർവേദം പഠിപ്പിച്ചിരുന്നു. പിന്നീട് ശ്രീനാരായണ ഗുരുവാണ് അദ്ദേഹത്തെ ശിവഗിരി സംസ്കൃതവിദ്യാലയത്തിൽ നിയമിക്കുന്നത്. അതിനുശേഷം തുടങ്ങിയ ആയുർവേദ പാഠശാലയിലെ അധ്യാപകനും ഗോവിന്ദൻ വൈദ്യനായിരുന്നു. ഭാർഗവൻ വൈദ്യൻ, കാലടി പരമേശ്വരൻ പിള്ള തുടങ്ങിയ പ്രസിദ്ധവൈദ്യന്മാർ അഭിനവവാഗ്ഭടന്റെ ശിഷ്യന്മാരാണ്. അഷ്ടാംഗഹൃദയത്തിന്റെ പരിഭാഷ പ്രസിദ്ധപ്പെടുത്തിയത് ധന്വന്തരി മാസികയിലാണ് (1906). കവികുലഗുരു പി.വി. കൃഷ്ണവാര്യരുടെ പത്രാധിപത്യത്തിൽ വൈദ്യരത്നം പി.എസ്. വാരിയർ ആണ് ധന്വന്തരി എന്ന ആരോഗ്യമാസിക കോട്ടയ്ക്കലിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്നത്. ആയുർവേദത്തെ ജനകീയമാക്കുവാനും ആര്യവൈദ്യശാലയുടെ പുരോഗതിക്കും വൈദ്യന്മാരുടെ ചികിത്സാവൈദഗ്ധ്യത്തെ മെച്ചപ്പെടുത്താനും ഒരു ആരോഗ്യപ്രസിദ്ധീകരണം ആവശ്യമാണ് എന്നതുകൊണ്ടാണ് വൈദ്യരത്നം പി.എസ് വാരിയർ ധന്വന്തരി മാസിക തുടങ്ങിയത്(1903).ധന്വന്തരി മാസികയുടെ ലക്ഷ്യം -

"നാട്ടുവൈദ്യത്തിലെ അഴിമതികൾ തീർത്തു നല്ല നിലയിൽ കൊണ്ടുവരികയാണ് ഈ മാസികയുടെ ലക്ഷ്യം. ഇതിൽ സ്വസ്ഥന്മാർക്ക് രോഗം ബാധിപ്പാതിരിക്കാനും ബാധിച്ചാൽ ഉടനെ നീക്കിക്കളയാനും ഉള്ള മുൻകരുതലുകൾ, ഗർഭരക്ഷ, ശിശുപരിപാലനം, രോഗങ്ങളുടെ നിദാനം, ലക്ഷണം, ചികിത്സ, ഔഷധങ്ങളുടെ പരിഷ്കൃതരീതിയിലുള്ള ഗുണപാഠം, നാട്ടുവൈദ്യന്മാർക്കുപയോഗമുള്ള ഇംഗ്ലീഷ് മരുന്നുകളുടെയും യന്ത്രങ്ങളുടെയും സ്വഭാവം, ശാരീരം മുതലായ എല്ലാ വിഷയങ്ങളും അടങ്ങിയിരിക്കും. ഈ മാസിക അനേകം ഇംഗ്ലീഷ് വൈദ്യന്മാരുടെയും നാട്ടുവൈദ്യന്മാരുടെയും ഒത്താശയോടുകൂടി പ്രാചീനനവീനസിദ്ധാന്തങ്ങളെ കൂലങ്കഷമായി പരിശോധിച്ച് ഉത്തമരീതിയിൽ എഴുതപ്പെടുന്നതും

വൈദ്യന്മാർക്കും രോഗികൾക്കും ഒരുപോലെ ഉപയോഗപ്പെടുന്നതു മാകുന്നു."

കുമാരനാശാനടക്കം പ്രകീർത്തിച്ചതാണ് ഗോവിന്ദൻ വൈദ്യന്റെ പ്രസ്തുതഗ്രന്ഥത്തെ. ഗോവിന്ദൻ വൈദ്യന്റെ അഷ്ടാംഗ ഹൃദയം അരുണോദയം എന്ന വ്യാഖ്യാനം വൈദ്യവിദ്യാർത്ഥി കൾക്ക് അനുഗ്രഹമായി. ശിവഗിരി ആശ്രമത്തിലെ അക്കാലത്തെ അന്തരീക്ഷം, ശ്രീനാരായണഗുരുവിന്റെ സാമീപ്യം എന്നിവയെല്ലാം അരുണോദയം വ്യാഖ്യാനത്തെ വേറിട്ടതാക്കുന്നു. കൊല്ലം ശ്രീരാമ വിലാസം മുദ്രണാലയത്തിലാണ് അച്ചടിച്ചത്. ധന്വന്തരി മാസിക യിലുള്ള ചർച്ചകളിലും സജീവസാന്നിധ്യമായിരുന്നു സ്മര്യപുരു ഷൻ. അദ്ദേഹം രചിച്ച സൂതികാമൃതം എന്ന കൃതിയുടെ ഏതാനും ഭാഗങ്ങളും ധന്വന്തരി മാസികയിലാണ് പ്രസിദ്ധീകരിച്ചത്. കുമാരനാ ശാന്റെ സ്നേഹപൂർണമായ നിർബന്ധത്തിന് മുന്നിൽ ഗോവിന്ദൻ വൈദ്യൻ വഴങ്ങിയതിന്റെ പരിണതഫലമത്രെ അഷ്ടാംഗസംഗ്രഹം ഭാഷ്യം ത്രൈമാസികം (1926). പക്ഷെ ഗ്രന്ഥരൂപത്തിലത് വൈദ്യ വിദ്യാർത്ഥികൾക്ക് ലഭിച്ചില്ലെന്നുള്ളത് ഖേദകരമാണ്. ആയുർവ്വേദം പൊതുജനങ്ങൾക്കുപകരിക്കുന്ന ചികിത്സാസമ്പ്രദായമായി മാറണം എന്നുള്ള ഗോവിന്ദൻ വൈദ്യന്റെ ദൃഢനിശ്ചയമാണ് അക്കാലത്തെ ആനുകാലികങ്ങളിലെ അദ്ദേഹത്തിന്റെ ലേഖന ങ്ങൾ. ധന്വന്തരി, മാതൃഭൂമി, ഭാഷാപോഷിണി, മനോരമ, കേരള കൗമുദി, ദേശാഭിമാനി, മിതവാദി എന്നിങ്ങനെയുള്ള പ്രസിദ്ധീകര ണങ്ങളിൽ അവ വന്നിരുന്നു. ഉന്നതകുലജാതർക്കു മാത്രം വൈദ്യ പഠനം അനുവദിച്ചിരുന്ന ആ കാലഘട്ടത്തിൽ ഈഴവസമുദായ ത്തിൽ നിരവധി പ്രസിദ്ധചികിത്സകന്മാരുണ്ടായിരുന്നു. കുമാരനാ ശാന്റെ വിവേകോദയം മാസികയിൽ ഗോവിന്ദൻ വൈദ്യൻ ഈഴവ സമുദായചരിത്രം കൂടി രചിച്ചിരുന്നു.

ഈശാവാസ്യഉപനിഷത്തിന്റെ പരിഭാഷ ശ്രീനാരായണ ഗുരു മലയാളിക്കു നൽകിയിട്ടുണ്ട്. ഗുരുവിന്റെ സാമീപ്യം ഗോവിന്ദൻ വൈദ്യന് ഉപനിഷത് തത്ത്വങ്ങൾ ഗ്രഹിക്കാൻ ഏറെ സഹായകമാ യിട്ടുണ്ട്. ഗോവിന്ദൻ വൈദ്യനും ഈശാവാസ്യ ഉപനിഷത്തിന്റെ

പരിഭാഷ നിർവഹിച്ചുവെങ്കിലും പൂർണ്ണമായി പ്രസിദ്ധീകരിക്കപ്പെട്ടില്ല. ശ്രീനാരായണഗുരു അദ്ദേഹത്തിന്റെ പല രചനകളും ഗോവിന്ദൻ വൈദ്യന് പറഞ്ഞുകൊടുത്തു എഴുതിക്കുമായിരുന്നു.

ആയുർവേദചികിത്സയുടെ പ്രചരണത്തിനും ശരിയായ ആരോഗ്യശീലങ്ങളെക്കുറിച്ചും എല്ലാവരെയും ബോധവൽക്കരിക്കാനുമൊക്കെ ഉദ്ദേശിച്ചാണ് 1924 മെയ് മാസത്തിൽ വൈദ്യമഞ്ജരി എന്ന മാസിക ഗോവിന്ദൻ വൈദ്യൻ പ്രസിദ്ധീകരിച്ചത്. ത്രിദോഷസിദ്ധാന്തം, അസ്ഥിസംഖ്യാവിമർശം, ആയുർവേദ ചരിത്രം, ശസ്ത്രക്രിയ എന്നിങ്ങനെ വൈവിധ്യങ്ങളായ വിഷയങ്ങളായിരുന്നു മാസികയുടെ ഉള്ളടക്കം. അനുഭവസിദ്ധങ്ങളായ പച്ചമരുന്നുകൾ, യോഗങ്ങൾ എന്നിവയെ പരിചയപ്പെടുത്താനും അദ്ദേഹം മറന്നില്ല.

1918 ലാണ് പണ്ഡിതനായ ഡോ. കൊളത്തേരി ശങ്കരമേനോൻ ആയുർവേദ ഡയറക്ടറായി തിരുവിതാംകൂർ സർക്കാരിനാൽ നിയമിതനായത്. 1919 ലാണ് ഗോവിന്ദൻ വൈദ്യനെ തിരുവനന്തപുരം ആയുർവേദ കോളേജിൽ അദ്ധ്യാപകനായി അദ്ദേഹം നിയമിച്ചത്.

ഗോവിന്ദൻ വൈദ്യന്റെ ജീവിതം നാളത്തെ തലമുറക്ക് ഒരു പാഠപുസ്തകമായി മാറേണ്ടത് ആവശ്യമാണ്. ജി. പ്രിയദർശനൻ രചിച്ച അഭിനവവാഗ്ഭടൻ കായിക്കര പി. എം. ഗോവിന്ദൻ വൈദ്യർ എന്ന പുസ്തകം ആയുർവേദസമൂഹത്തിനു പുറത്തുള്ളവരും വായിച്ചിരിക്കേണ്ടതാണ്. 2019 ഒക്ടോബറിൽ കലാപൂർണ്ണ പബ്ലിക്കേഷൻസാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചത്. 2012 ൽ ഇടയ്ക്കുടി കുടുംബട്രസ്റ്റ് ആരംഭിച്ചതുമുതലാണ് ഇങ്ങനെ ഒരു ജീവചരിത്ര രചനയെക്കുറിച്ചാലോചിക്കുന്നത്. ജീവചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ കാണുന്നവ താഴെ ക്രമപ്പെടുത്തുന്നു.

1. ജനനവും വിദ്യാഭ്യാസവും. (ചിറയൻകീഴ് താലൂക്കിലെ കായിക്കര ദേശത്തു ജനനം, ഇടയ്ക്കുടി കുടുംബചരിത്രം

തുടർന്ന് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ കാര്യങ്ങൾ, അഷ്ടാംഗ ഹൃദയം പരിഭാഷ, സൂതികാമൃതം എന്നിവയൊക്കെയാണ് പ്രധാന ഉള്ളടക്കം)

2. ആയുർവേദമഹിമ (ആയുർവേദവും ബുദ്ധമതവുമായുള്ള ബന്ധം, ധന്വന്തരി മാസിക, ശ്രീനാരായണഗുരുഭക്തനായ വൈദ്യൻ, അഷ്ടാംഗഹൃദയത്തിന് അരുണോദയം വ്യാഖ്യാനം, ഗദ്യശൈലി, ഈശാവാസ്യോപനിഷദ്ഭാഷ്യം, അഷ്ടാംഗ സംഗ്രഹം ഭാഷ്യം എന്നിവ വിസ്തരിച്ചു രേഖപ്പെടുത്തിയിരിക്കുന്നു.)

3. പത്രമാസികകളിലെ വിഹാരം. (ആയുർവേദചികിത്സാ സമ്പ്രദായത്തിന് പൊതുജനസ്വീകാര്യത വർദ്ധിപ്പിക്കുന്ന രീതിയിലുള്ള ലേഖനങ്ങൾ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിൽ ഗോവിന്ദൻ വൈദ്യൻ പ്രത്യേകം ശ്രദ്ധപുലർത്തിയിരുന്നു. ശ്രീനാരായണഗുരുവിനെക്കുറിച്ചും നിരവധി കാവ്യങ്ങൾ ഗോവിന്ദൻ രചിച്ചിട്ടുണ്ട്)

4. വൈദ്യരുടെ കത്തും സരസകവി മൂലൂരിന്റെ മറുപടിയും (വൈദ്യന് പൊതുജനസമ്മതിയുണ്ടാവാൻ സമൂഹത്തിലെ സാംസ്കാരികരംഗത്തുള്ളവരുമായി സൗഹൃദവും വാദപ്രതിവാദവും നടത്തണമെന്നുള്ളത് ഗോവിന്ദൻ വൈദ്യന് നന്നായി അറിയാമായിരുന്നു. സരസകവി മൂലരുമായുള്ള സൗഹൃദം അതാണ് വ്യക്തമാക്കുന്നത്)

5. പാണാവള്ളി കൃഷ്ണൻ വൈദ്യൻ പ്രാണസുഹൃത്ത് (ഈഴവ സമുദായത്തിലുള്ള പ്രശസ്തരായ നിരവധി വൈദ്യന്മാരുമായി അടുത്ത ബന്ധമാണ് ഗോവിന്ദൻവൈദ്യന് ഉണ്ടായിരുന്നത്. പ്രാണസുഹൃത്തായിരുന്ന സർവ്വകലാവല്ലഭനായിരുന്ന, ചേർത്തലയിലെ പാണാവള്ളി കൃഷ്ണൻ വൈദ്യനായിരുന്നു. വൈദ്യേതര മേഖലകളിൽ പ്രാവീണ്യം തെളിയിച്ച ഒരു വ്യക്തിയാണദ്ദേഹം. കയർഫാക്ടറി, സോപ്പ്ഫാക്ടറി, നെയ്ത്തുശാല

എന്നിങ്ങനെ വിവിധ വ്യവസായങ്ങളിൽ വിജയിച്ച ഒരു വൈദ്യനായിരുന്നു അദ്ദേഹം. ഒരു ക്ഷയരോഗവൈദ്യശാല സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചു പോലും അദ്ദേഹം ലേഖനമെഴുതിയിരുന്നു.)

6. രോഗവും ചികിത്സയും (രോഗകാരണം, ചികിത്സ, ആമം എന്നിവയെക്കുറിച്ചുള്ള വിശദമായ പഠനം.)

7. ആയുർവേദവും ശസ്ത്രക്രിയയും (ശസ്ത്രക്രിയ ചികിത്സാസമ്പ്രദായത്തെക്കുറിച്ചുള്ള പഠനങ്ങൾ, ശസ്ത്രക്രിയയുടെ പിതാവ് സുശ്രുതൻ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

8. വൈദ്യമഞ്ജരി മാസിക (ആയുർവേദത്തിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കി ഗോവിന്ദൻ വൈദ്യൻ 1924 മുതൽ പ്രസിദ്ധീകരിച്ചിരുന്ന മാസിക.)

9. വൈക്കം സത്യാഗ്രഹം (1924 ഏപ്രിൽ 30നാണ് വൈക്കം സത്യാഗ്രഹത്തിന്റെ ആരംഭം. അയിത്തം, ജാതിപ്രശ്നങ്ങൾ എന്നിവക്കെതിരെ വൈദ്യൻ വിജയക്കൊടി എന്ന പേരിൽ ഒരു വഞ്ചിപ്പാട്ട് തന്നെ രചിച്ചു. ഗാന്ധിജി വൈക്കം സത്യാഗ്രഹം സന്ദർശിച്ച വേളയിൽ വൈദ്യൻ എഴുതി അയച്ച സ്വാഗതം എന്ന കവിതയും ഇതോടൊപ്പം പരാമർശിക്കുന്നുണ്ട്.)

10 ആയുർവേദസമുദ്ധാരകൻ (വൈദ്യവിദ്യാഭ്യാസം, അദ്ധ്യാപന നിയമനം, ഔഷധനിർമ്മാണം എന്നിങ്ങനെയുള്ള വിവിധ മേഖലകളിലെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ.)

11. സാമുദായികസങ്കടങ്ങൾ (ഈഴവ സമുദായത്തിന്റെ അഭിവൃദ്ധിക്കായി നിരവധി കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്.)

12. ആയുർവേദ നവീകരണം (ആയുർവേദ ഉത്പത്തി, ചികിത്സ, പ്രാമാണികമായ ആയുർവേദഗ്രന്ഥങ്ങളുടെ അപര്യാപ്തത, പാഠ പുസ്തകങ്ങളുടെ രചന, വൈദ്യന്മാർ സംഘടിച്ചു

ആയുർവേദ പുരോഗതിക്കായി സമാജങ്ങൾ രൂപീകരിക്കുക, അഷ്ടാംഗഹൃദയം മലയാളം വ്യാഖ്യാനസംരംഭം എന്നിവയെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു.)

13. ഒരു ഉജ്ജ്വലവാങ്മയം (കൃഷി, ശാസ്ത്രം, കല, കച്ചവടം എന്നിങ്ങനെയുള്ള മേഖലകളിൽ ജനക്ഷേമപ്രവർത്തനങ്ങൾ ചെയ്തുവരുന്നവരെ അംഗീകരിക്കുന്നതിനുള്ള നടപടികളാണ് രാജ്യം ഭരിക്കുന്നവർ ചെയ്യേണ്ടത് എന്ന് റീജന്റ് മഹാറാണിയെ ഓർമ്മിപ്പിക്കുന്ന വിശദമായ കത്തിനെക്കുറിച്ചുള്ള ഭാഗമാണിത്.)

14. ചാവർകോട്ടു വൈദ്യകുടുംബവുമായുള്ള ബന്ധം. പ്രസിദ്ധ ആയുർവേദ ചികിത്സകനായിരുന്ന ശ്രീനാരായണഗുരുവിന്റെ സഹപ്രവർത്തകനുമായ ചാവർകോട്ട് കൊച്ചുചെറുക്കൻ വൈദ്യന്റെ മകളായ നാരായണിയാണ് ഗോവിന്ദൻ വൈദ്യന്റെ ഭാര്യ. ആ കുടുംബചരിത്രത്തെ രേഖപ്പെടുത്തിയിരിക്കുന്ന അധ്യായമാണിത്.)

15. ആശാന് പാതിത്യം കൽപ്പിച്ച കഥ (ഈഴവസമുദായത്തിലുള്ള ചില പ്രശ്നങ്ങളിൽ കുമാരനാശാനും വൈദ്യനും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ, പ്രസിദ്ധചരിത്രകാരന്മാരുടെ രേഖപ്പെടുത്തലുകൾക്കെതിരെയുള്ള ഭാഗം.)

16. നവോത്ഥാനനായകൻ (ഇംഗ്ലീഷ് വൈദ്യത്തിന്റെ വരവോടുകൂടി ആയുർവേദചികിത്സാസമ്പ്രദായത്തിനുണ്ടായ പ്രചാരക്കുറവിനെ നേരിടാൻ ആധികാരികപുസ്തകങ്ങളിലൂടെ യഥാർത്ഥ ശാസ്ത്രസത്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള പരിശ്രമം, ആയുർവേദനവീകരണം എന്നിവ ജീവിതലക്ഷ്യമാക്കിയ വൈദ്യന്റെ ചിത്രമാണിതിൽ.)

17. അനുബന്ധം

    1. ഈഴവർ - ചരിത്ര പഠനം
    2. മലയാളത്തിലെ കാലാവസ്ഥ - ആരോഗ്യവും കാലാവസ്ഥയും

3. നുണ - പുരാണ - ഇതിഹാസങ്ങളുടെ പിൻബലത്തോടെ സമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്ന ഭാഗം. അനാവശ്യരാജസ്തുതി, നുണ എന്നിവ പ്രതിപാദിക്കുന്ന ലേഖനം

4. നടരാജഗുരുവിന് ആശംസ - നടരാജഗുരുവിനു വൈദ്യന്റെ ആശംസാഗീതം

5. സ്വാഗതഗാനം - ശിവഗിരി ഇംഗ്ലീഷ് സ്കൂൾ വാർഷികത്തിന്

6. സി. കൃഷ്ണന് അയച്ച കത്ത് - എസ്. എൻ. ഡി. പി യോഗവുമായി ബന്ധപ്പെട്ട്.

7. ചികിത്സ - ശോധനം, ശമനം, ഉപവാസം, ഔഷധ പ്രയോഗം, പ്രാണശക്തി എന്നിവ പ്രതിപാദിക്കുന്ന ലേഖനം

8. നളിനിയുടെ കൊതിച്ച വണ്ട് - കുമാരനാശാന്റെ നളിനി എന്ന പ്രശസ്ത കൃതിയെക്കുറിച്ചുള്ള വൈദ്യന്റെ പഠനം.

ലോകത്തിലെല്ലാവർക്കും ആയുർവേദത്തിലൂടെ ആരോഗ്യമുണ്ടാകണമെന്ന് കരുതിയ അഭിനവവാഗ്ഭടൻ പി.എം.ഗോവിന്ദൻ വൈദ്യൻ 1939 ൽ ലോകത്തോട് വിട പറഞ്ഞു.

■